www.malankaralibrary.com

# മാർക്സിസത്തിന്റെ താത്വിക പരിസരങ്ങൾ

K.M. FRANCIS

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ പുരോഗമന വാദികളെയും, വിപ്ളവകാരികളെയും ഏറെ പ്രചോദിപ്പിച്ച വാക്കുകളാണ് കമ്മ്യൂണിസവും, മാർക്സിസവും. തത്വശാസ്ത്രത്തിലും, വിവിധ ചിന്താ പദ്ധതികളിലും, രാഷ്ട്രീയ, സാമ്പത്തിക മണ്ഡലത്തിലും, ലോക ചരിത്രത്തിലും ഈ രണ്ടു പദങ്ങൾ ക്രിയാത്മകവും നിർണ്ണായകവുമായ പല സംഭാവനകൾ നൽകിയിട്ടുണ്ട്. ഒരു സാമൂഹിക വ്യവസ്ഥിതി എന്ന നിലയിൽ ഇതിന്റെ പ്രായോഗിക സമീപനങ്ങൾ തികച്ചും പരാജയമായിരുന്നു. എങ്കിലും സത്യാന്വേഷണത്തിലും, മാനവിക വികാസത്തിനും ആവശ്യമായ പല തിരുശേഷിപ്പുകൾ മാനവരാശിക്ക് സംഭാവന ചെയ്തു കൊണ്ടാണ് മാർക്സിസം ഇല്ലാതാകുന്നത്. അധികാരം പിടിച്ചെടുക്കാനും, ജീവിതത്തിലെ സുഖങ്ങൾ ആവോളം ആസ്വദിക്കാനും, സ്വന്തം ശത്രുക്കളെ (വർഗ്ഗ ശത്രുവിനെയല്ല) ഉന്മൂലനം ചെയ്യാനും പരിശ്രമിക്കുന്നതിനിടയിൽ മാർക്സിനെ വായിക്കാൻ മാർക്സിസ്റ്റുകാർ മറന്നു പോയി. മാർക്സിസത്തിൽ ശരിയും തെറ്റുമുണ്ട്. മാർക്സിസം സത്യമാണെന്ന വാദവും, മാർക്സിസം തെറ്റാണെന്ന വാദവും തെറ്റാണ്. എന്നാൽ പൂർണ്ണ സത്യത്തിലേയ്ക്കുള്ള മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയിലുള്ള അറിവുകൾ മാത്രമാണ് മാർക്സിസം. മാർക്സിന്റെ കൃതികളെ ചരിത്രത്തിന്റെ പുതിയ അറിവിന്റേയും അനുഭവങ്ങളുടേയും വെളിച്ചത്തിൽ പുനർ വായിക്കുമ്പോൾ പുതിയ ദർശനങ്ങൾ കാണാൻ മനുഷ്യനു കഴിയും.

## പുനർവായനയുടെ ആവശ്യകത

കാറൽ മാർക്സ് കണ്ടെത്തിയതും, ഫ്രെഡറിൽ എംഗൽസ് വിപുലപ്പെടുത്തിയതും, വ്ളാഡ്മീർ ഇലിയനിച്ച് ലെനിൻ സോവിയറ്റു യൂണിയനിൽ പ്രയോഗിച്ചതുമായ തത്വത്തിന്റെയും പ്രയോഗത്തിന്റെയും ആകെ തുകയാണ് മാർക്സിസം. ഈ മൂന്ന് വ്യക്തികളുടെ ചിന്തയും പ്രയോഗവുമാണ് മാർക്സിസം. എന്നാൽ മാർക്സിന്റെ കൃതികളെ മുഴുവനായും പ്രസിദ്ധീകൃതമാകുന്നതിനു മുൻപു തന്നെ സോഷ്യലിസ്റ്റ് പരീക്ഷണങ്ങൾ നടപ്പിലാക്കുകയും പരാജയപ്പെടുകയും ചെയ്തു. ഈ പരീക്ഷണങ്ങൾ നടന്നു കൊണ്ടിരിക്കുമ്പോൾ ഭരണകൂടത്തിന്റെ പ്രവർത്തികളെ ന്യായീകരിക്കാനുതകുന്ന കാര്യങ്ങൾ മാത്രം തെരഞ്ഞെടുത്തു പ്രസിദ്ധീകരിച്ചവയാണ് മാർക്സിസം എന്ന പേരിൽ ലോകം ഇന്ന് മനസ്സിലാക്കുന്നത്. ഇന്ത്യയിൽ മാർക്സിസമെന്ന പേരിൽ പ്രചരിക്കുന്നത് സോവിയറ്റു യൂണിയനിലേയും, ചൈനയിലേയും ഭരണാധികാരികളുടെ ചെയ്തികളെ ന്യായീകരിക്കുന്നതിനാവശ്യമായ മാർക്സിന്റെയും എംഗൽസിന്റെയും ലെനിന്റെയും കൃതികളിലെ തെരഞ്ഞെടുത്ത ചില ഭാഗങ്ങൾ മാത്രമാണ്.

www.malankaralibrary.com


ഉദാഹരണമായി ഇന്ത്യയിലെ മാർക്സിസ്റ്റ് ബുദ്ധിജീവികൾ ഹേഗലിന്റെ കൃതികൾ വായിക്കേണ്ട ആവശ്യകത അംഗീകരിക്കുന്നില്ല. അവരെ സംബന്ധിച്ച് ഹേഗൽ യാഥാർത്ഥ്യത്തെ തലതിരിച്ച് കണ്ട ആശയവാദി മാത്രമാണ്. എന്നാൽ, ഹേഗലിനെ മനസ്സിലാക്കാതെ മാർക്സിസം മനസ്സിലാക്കാൻ കഴിയില്ലെന്ന് മാർക്സും, എംഗൽസും, ലെനിനും എഴുതുന്നു. ഡയലക്റ്റിക്സ് എന്ന പ്രക്രിയ മനസ്സിലാക്കാൻ ഹേഗലിനെ വ്യാഖ്യാനിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നതെന്നും അദ്ദേഹത്തെ ചത്ത പട്ടി പോലെ കരുതരുതെന്നും, ആ വലിയ മനുഷ്യന്റെ ചിന്തകളാണ് തന്നെ സ്വാധീനിച്ചതെന്നും തന്റെ അവസാന നാളുകളിൽ കാറൽ മാർക്സ് പരസ്യമായി ഏറ്റു പറയുന്നു. ദാസ് കാപ്പിറ്റലിന്റെ ഒന്നാം വാള്യത്തിന്റെ മൂന്നാമത്തെ ജർമ്മൻ പതിപ്പിന്റെ മുഖവുരയിലാണ് മാർക്സ് ഇക്കാര്യം സമ്മതിയ്ക്കുന്നത്.

എംഗൽസും മാർക്സിനെ വാനോളം പുകഴ്ത്തുന്നുണ്ട്. "ഫോയർബാഹും ക്ലാസിക്കൽ ജർമ്മൻ ആശയവാദത്തിന്റെ ലക്ഷ്യവും" എന്ന കൃതിയിൽ ഹെഗേലിനെ ഉൾക്കൊള്ളാനെ കഴിയൂ, ഉപേക്ഷിക്കാൻ കഴിയില്ലെന്ന് എംഗൽസ് ഉന്നയിക്കുന്നു.

ലെനിന്റെ അഭിപ്രായത്തിൽ ജർമ്മൻ തത്വചിന്ത, ഫ്രഞ്ച് സോഷ്യലിസം, ബ്രിട്ടീഷ് രാഷ്ട്രീയ സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള സിദ്ധാന്തങ്ങൾ എന്നിവയുടെ ചരിത്രപരമായ തുടർച്ചയാണ് മാർക്സിസം. ഇക്കാര്യം തിരിച്ചറിഞ്ഞ യൂറോപ്പിലെ ചിന്തകർ രണ്ടാം ലോക മഹായുദ്ധത്തിനുശേഷം പ്രസ്തുത ചിന്തകളുടെ പശ്ചാത്തലത്തിൽ മാർക്സിസത്തെ പുനർ വായനയ്ക്ക് വിധേയമാക്കിയതിന്റെ ഫലമാണ് യൂറോപ്പിലുണ്ടായ പല പുരോഗമന ചിന്തകളുടേയും അടിസ്ഥാനം. ഈ ചിന്തകളാണ് യൂറോ കമ്മ്യൂണിസമെന്ന പേരിൽ അറിയപ്പെടുന്നത്. ആൾത്തുസർ, പൗലോ ഫ്രെയർ, അന്തോണിയോ ഗ്രാംഷി, ജോർജ്ജ് ലൂക്കാച്ച്, സാർത്ര്, ദെറീദ എന്നിവരെല്ലാം ഹെഗേലിയൻ പശ്ചാത്തലത്തിൽ മാർക്സിസത്തെ വിലയിരുത്തി ലോകത്തിന് പുതിയ ദർശനങ്ങൾ സംഭാവന ചെയ്തവരാണ്. അവർ മാർക്സിസത്തിലെ സ്വേചരാധിപത്യത്തെ വെറുക്കുകയും ഒരു ജനാധിപത്യ സോഷ്യലിസ്റ്റ് സങ്കല്പത്തെ സംഭാവന നൽകുകയും ചെയ്തു. എന്നാൽ ഇന്ത്യൻ മാർക്സിസുകൾ ഏകാധിപത്യ സോഷ്യലിസത്തെ സനാതന സത്യമായി കാണുന്നവരാണ്.

**മാർക്സിന്റെ മാനവികതാ ചിന്തകൾ**

മാർക്സിസം എന്ന പേരിൽ പ്രചരിപ്പിക്കപ്പെടുന്നത് സോവിയറ്റ് യൂണിയനിലെ ഏകാധിപത്യ പരീക്ഷണങ്ങളെ മാത്രം ന്യായീകരിക്കുന്ന ചില ഭാഗങ്ങളാണെന്ന് നാം നേരത്തെ സൂചിപ്പിച്ചു. അതുകൊണ്ടുതന്നെ മാർക്സിന്റെ മനുഷ്യനെ കുറിച്ചുള്ള, മനുഷ്യന്റെ സ്വത്വത്തെ (Identity) കുറിച്ചുള്ള സംഭാവനകൾ ഇന്ത്യയിൽ ലഭ്യമല്ല. മനുഷ്യന്റെ സ്വത്വത്തെ കുറിച്ചുള്ള സംഭാവനയാണ് മാർക്സിസത്തിന്റെ കേന്ദ്രം. പ്രസ്തുത കേന്ദ്രത്തെ ഭരണകൂട രചനകൾ അവഗണിച്ചു. എന്നാൽ രണ്ടാം ലോക

www.malankaralibrary.com



മഹായുദ്ധത്തിനുശേഷം പ്രസ്തുത രചനകൾ പലതും പ്രസിദ്ധീകൃതമായി. പ്രസ്തുത രചനകൾ മനുഷ്യവർഗ്ഗത്തെ കുറിച്ചാണ് സൂചിപ്പിക്കുന്നത്. എന്നാൽ മാർക്സിന്റെ പിൽക്കാല രചനകൾ തൊഴിലാളി വർഗ്ഗത്തെ കുറിച്ചാണ് കൂടുതൽ എഴുതുന്നത്. ഇക്കാരണത്താൽ മാർക്സ് തന്റെ ആദ്യകാല രചനകളെ ഉപേക്ഷിച്ചുവെന്ന് ആൾത്തൂസറിനെപ്പോലുള്ളവർ വാദിക്കുന്നു. മാർക്സിന്റെ ആദ്യകാല രചനകൾ പത്ര സ്വാതന്ത്ര്യത്തിനുവേണ്ടി രചിക്കപ്പെട്ട കൃതികളാണ്. എന്നാൽ മാനിഫെസ്റ്റോ പത്ര സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നു. സ്വേഛാധിപതികൾ മാർക്സിന്റെ ആദ്യാകല രചനകൾ തമസ്ക്കരിക്കും. പത്ര സ്വാതന്ത്ര്യമില്ലെങ്കിൽ മനുഷ്യൻ മൃഗത്തിന് തുല്യമാകുമെന്ന് മാർക്സ് ഉന്നയിക്കുന്നു. സ്വേഛാധിപതികൾക്ക് യുവമാർക്സ് അനഭിമതനാണ്, പക്വതയില്ലാത്തവനാണ്. എന്നാൽ യുവാവായ മാർക്സ് സത്യസന്ധനും നീതിമാനും, മനുഷ്യവർഗ്ഗത്തിന്റെ വഴികാട്ടിയുമാണ്. അതുകൊണ്ട് മാർക്സിന്റെ ആദ്യകാല രചനകളുടെ പശ്ചാത്തലത്തിൽ മാർക്സിസത്തെ പുനർവായനയ്ക്ക് വിധേയമാക്കിയാൽ പുതിയ വഴികൾ സമൂഹത്തിന് തുറന്നു കിട്ടും.

മാർക്സിസത്തിന്റെ അടിസ്ഥാന ഘടന രൂപപ്പെടുന്നത് മാർക്സിന്റെ പാരീസ് ജീവിത കാലഘട്ടത്തിലാണ്. പ്രസ്തുത കാലഘട്ടത്തിൽ മാർക്സ് രചിച്ച, "ഇക്കണോമിക് ആന്റ് ഫിലോസഫിക്കൽ മാനുസ്ക്രിപ്റ്റ്സ് ഓഫ് 1844" എന്ന പേരിൽ പ്രസിദ്ധീകൃതമായ രേഖകളാണ് മാർക്സിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ. പ്രസ്തുത പ്രമാണത്തിന്റെ വികസിത രൂപമാണ് മുഴുവൻ മാർക്സിസവും. എന്നാൽ ഇക്കാര്യം മനസ്സിലാക്കാൻ കഴിയണമെങ്കിൽ ഫ്രഞ്ച് വിപ്ളവത്തിന്റെ താത്വിക പരിസരം വ്യക്തമാകണം. അസമത്വത്തിന്റെ കാരണങ്ങളെ കുറിച്ചുള്ള റൂസ്സോയുടെ വിശകലനത്തിൽ ഉന്നയിക്കുന്ന മനുഷ്യത്വത്തിന്റെ നഷ്ടമെന്ന ചിന്തയെ, ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രവും, ഹേഗലിന്റെ അന്യവൽക്കരണമെന്ന ആശയവും കൂടിചേർത്ത് മാർക്സ് തന്റെ സ്വന്തമായ ചിന്ത നൽകുന്നു. ആരാണ് മനുഷ്യൻ? എന്താണ് മനുഷ്യത്വം? മനുഷ്യത്വത്തിന്റെ നഷ്ടം എന്താണ്? മതം എങ്ങിനെ രൂപം കൊണ്ടു? മതവിമർശനമെങ്ങിനെ സാമൂഹിക വിമർശനമാകുന്നു? എന്നീ ചിന്തകളെല്ലാം പാരീസ് മാനുസ്ക്രിപ്റ്റിസിൽ വിവരിക്കുന്നു.

തൊഴിലൂടെ മനുഷ്യൻ പ്രകൃതിയേയും സ്വന്തം സത്തയെയും രൂപാന്തരപ്പെടുത്തുന്നുവെന്ന ആശയം മാർക്സിന് ലഭിച്ചത് ആത്മാവിന്റെ പ്രതിഭാസശാസ്ത്രം (Phenemenology of Spirit) എന്ന ഹേഗലിന്റെ ഗ്രന്ഥത്തിൽ നിന്നാണെന്ന് മാർക്സ് ഈ കൃതിയിൽ വ്യക്തമാക്കുന്നു.

### മാർക്സിസ്റ്റ് രചനകളുടെ പ്രത്യേകത

മാർക്സും, എംഗൽസും, ലെനിനും രചിച്ച കൃതികൾ വായിക്കുമ്പോൾ മൂന്ന് കാര്യങ്ങൾ നാം ശ്രദ്ധിക്കണം. ഒന്നാമതായി ലോക ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ

www.malankaralibrary.com

വേണം മാർക്സിസ്റ്റ് കൃതികൾ വായിക്കേണ്ടത്. രണ്ടാമതായി മാർക്സിന്റേയും എംഗൽസിന്റേയും കൃതികൾ പലതും വിരുദ്ധോക്തികളാണ് (irony) അല്ലാതെ വിഷയത്തെ നേരിട്ട് അവതരിപ്പിക്കുന്നതല്ല. മൂന്നാമതായി വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് വൈദ്ഗദ്യം ലഭിച്ചവർക്കു മാത്രമെ മാർക്സിനെ മനസ്സിലാക്കാൻ കഴിയുക.

ഒന്നാമതായി ഇവർ മൂന്നുപേരുടേയും വലിയൊരു ശതമാനം കൃതികളും മറ്റുള്ള എഴുത്തുകാരുടെ കൃതികളുടെ വിമർശനമാണ്. ഉദാഹരണമായി മാർക്സിന്റെ ആദ്യകാല രചനകളിലൊന്നാണ് ഹേഗലിന്റെ ശരിയുടെ തത്വശാസ്ത്ര വിമർശനത്തിന് ഒരു സംഭാവന എന്ന കൃതി. പ്രസ്തുത കൃതിയിൽ മാർക്സ് ഹേഗലിന്റെ ശരിയുടെ തത്വശാസ്ത്രമെന്ന ഗ്രന്ഥത്തെ വിമർശന വിധേയമാക്കുന്നു. ഹേഗൽ ഉന്നയിക്കുന്നുവെന്ന പേരിൽ മാർക്സ് രേഖപ്പെടുത്തുന്നത്. ശരിയുടെ തത്വശാസ്ത്രമെന്ന കൃതിയിലെ ആശയങ്ങൾ തന്നെയാണോ? അതോ ശരിയുടെ തത്വശാസ്ത്രമെന്ന ഗ്രന്ഥത്തെ മനസ്സിലാക്കാതെയാണോ മാർക്സ് ഹേഗലിനെ വിമർശിക്കുന്നത്. മാർക്സ് ഹേഗലിന്റെ ശരിയുടെ തത്വശാസ്ത്രത്തെ കുറിച്ചെഴുതിയത് തന്നെയാണ്, ശരിയുടെ തത്വശാസ്ത്രമെന്ന ഗ്രന്ഥത്തിന്റെ ഉള്ളടക്കമെന്ന് പരിഗണിച്ചു കൊണ്ട് മാർക്സിനെ വായിക്കരുത്. പ്രത്യുത ആദ്യം ഹേഗൽ രചിച്ച ശരിയുടെ തത്വശാസ്ത്രമെന്ന ഗ്രന്ഥം വായിക്കുക. അത്തരം ഒരു വായനശാലയിലൂടെ മാത്രമെ മാർക്സിസത്തിലെ ശരിയും തെറ്റും മനസ്സിലാക്കാൻ കഴിയുക.

എംഗൽസ് രചിച്ച ആന്റഡുറിങ്ങ് (Anti Duhring) എന്ന ഗ്രന്ഥം ഡുറിങ്ങ് രചിച്ച ഗ്രന്ഥത്തിന്റെ വിമർശനമാണ്. ഡയലക്റ്റിക്സ് എന്ന പദത്തിന്റെ അർത്ഥം എംഗൽസ് രൂപപ്പെടുത്തുന്നത് ഡുറിങ്ങിന്റെ കൃതിയെ വിമർശിച്ചു കൊണ്ടാണ്. ഹെഗേലിയൻ ഡയലക്റ്റിക്സിനെ കുറിച്ചെഴുതുന്ന ആന്റി ഡുറിങ്ങ് എന്ന ഗ്രന്ഥത്തിൽ, ഹേഗലിന്റെതാണെന്ന പേരിൽ എംഗൽസ് അവതരിപ്പിക്കുന്നതിന് ഹേഗലിന്റെ ആശയവുമായി യാതൊരു ബന്ധവുമില്ല. ഡയലക്റ്റിക്സിന്റെ സ്വഭാവം നിഷേധത്തിന്റെ നിഷേധമാണെന്ന് (Negation of Negation) എംഗൽസ് വാദിക്കുന്നു. കൂടാതെ ഇത് ഹെഗേലിന്റേതാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഹെഗേൽ ഉന്നയിക്കുന്ന ഡയലക്റ്റിക്സ് എന്ന തത്വവും എംഗൽസ് ഉന്നയിക്കുന്ന തത്വവും ഒന്നാണെന്ന് എംഗൽസ് അവകാശപ്പെടുന്നുണ്ടെങ്കിലും, ആ അവകാശ വാദം ശരിയാണെന്ന് എങ്ങിനെ അറിയാം? ഹേഗലിന്റെ ഡയലക്റ്റിക്സ് എന്ന ആശയത്തിൽ ഉൾക്കൊണ്ടുള്ള നിഷേധം (Sublation) എന്ന വാക്കാണ് ഉപയോഗിക്കുന്നത്, എന്നാൽ ഉൾക്കൊള്ളുകയെന്ന തത്വം എംഗൽസ് ഉപേക്ഷിച്ചു. രണ്ട് നിഷേധം യാഥാർത്ഥ്യത്തെ നിർമ്മിക്കുന്നുവെന്ന് എംഗൽസ് ഉന്നയിക്കുന്നു. അതിനായി -3x-3=9 എന്ന ഗണിത ശാസ്ത്ര സൂത്രവാക്യം പ്രയോഗിക്കുന്നു. ഗണിതശാസ്ത്രത്തിൽ – എന്നതിന് ഇല്ലായ്മ (ഇല്ലാതാകുന്നു) എന്നും + എന്നതിന് ഉള്ളായ്മ (ഉണ്ടാകുന്നു) എന്ന അർത്ഥമാണുള്ളതെന്നാണ്

www.malankaralibrary.com


പൊതുവേയുള്ള ധാരണ. എന്നാൽ അങ്ങിനെ ഒരു അർത്ഥത്തിലല്ല - x - എന്നതിന് + എന്ന് രേഖപ്പെടുത്തുന്നത്. -, + എന്ന ചിഹ്നം ദിശയെയാണ് (direction) സൂചിപ്പിക്കുന്നത്. അന്തരീക്ഷത്തിലെ ഏതെങ്കിലും ഒരു സ്ഥലത്തിന് പൂജ്യം (zero) എന്ന് നൽകുക. പൂജ്യത്തിൽ നിന്ന് വലത്തോട്ട് ഉള്ള ചലനമാണ് + പൂജ്യത്തിൽ നിന്ന് ഇടത്തോട്ട് ഉള്ള ചലനമാണ് - . പൂജ്യത്തിൽ നിൽക്കുന്ന വ്യക്തി വലത്തോട്ട് നോക്കി നിൽക്കുന്നുവെന്ന് കരുതുക. അവൻ ഒരോ അടി മുന്നോട്ട് വയ്ക്കുന്നതാണ് addition അഥവാ + . പൂജ്യത്തിൽ നിന്ന് വലത്തോട്ടു നോക്കി നിൽക്കുന്നവനോട് ഇടത്തോട്ട് തിരിയാൻ പറഞ്ഞാൽ $180^0$ യായി, വീണ്ടും ഇടത്തോട്ട് തിരിഞ്ഞാൽ $360^0$ യായി, അവന്റെ ദിശ വലത്തോട്ട് തന്നെയായി. ഈ അർത്ഥത്തിലാണ് - x - = + എന്ന സൂത്രവാക്യം ഉപയോഗിക്കുന്നത്. vector analysis എന്ന വിഷയത്തിന്റെ ശാസ്ത്രീയ അടിത്തറ അറിയുന്ന ഒരു ഫിസിക്സ് ശാസ്ത്രജ്ഞനനു മാത്രമെ + - എന്നത് ദിശയെ സൂചിപ്പിക്കുന്നുവെന്ന് ഗ്രഹിക്കാൻ കഴിയുക.

എന്നാൽ എംഗൽസ് - x - = + എന്ന് ഉപയോഗിക്കുന്നത് രണ്ടു പ്രാവശ്യം ബാങ്കിൽ നിന്ന് കടം വാങ്ങിയാൽ നാലു രൂപ ഡെപ്പോസിറ്റുണ്ടാകുമെന്ന അർത്ഥത്തിലാണ്. നിഷേധത്തിന്റെ നിഷേധമെന്ന തത്വം ഭാഷാ പ്രയോഗം മാത്രമാണ്. ഈ പ്രയോഗത്തിന് യാഥാർത്ഥ്യത്തിൽ അർത്ഥം ഒന്നും തന്നെയില്ല. ഒരു വസ്തുവിനെ നിഷേധിച്ചാൽ അത് ഇല്ലാതാകും. എംഗൽസ് പറയുന്ന അർത്ഥം തന്നെയാണ് ഡയലക്റ്റിക്സിന് ഹേഗൽ നൽകുന്നതെന്ന തെറ്റിദ്ധാരണയിൽ മാർക്സിസ്റ്റ് സൈദ്ധാന്തികർ ഹേഗലിനെ വായിക്കാൻ വിസമ്മതിയ്ക്കുന്നു. ഹേഗൽ ഒരു ആശയവാദിയാണെന്ന് മാർക്സ് പറയുന്നു. എന്നാൽ ഹേഗൽ ആശയവാദിയാണോ?

ആന്റി ഡുറിങ്ങ് എന്ന എംഗൽസിന്റെ കൃതി വായിച്ചാൽ ഡുറിങ്ങിന്റെ വാദം എന്താണെന്ന് വായനക്കാരന് മനസ്സിലാകില്ല. എംഗൽസിന്റെ ആശയങ്ങൾ മാത്രം മനസ്സിലാകാൻ വേണ്ട ഒരു നിലപാടുതറ മാത്രമാണ് ആന്റി ഡുറിങ്ങ്. ഡുറിങ്ങിന്റെ വാദം സാമ്പത്തിക വിശകലനത്തിൽ ഹേഗലിന്റെ യഥാർത്ഥ്യ വ്യാഖ്യാനവുമാണ്.

ഹേഗലിന്റെ ഡയലക്റ്റിക്സനുസരിച്ച് ചരിത്രത്തിന്റെ നിലവിലുള്ള ഘട്ടത്തെ പുതിയ ഘട്ടം നിഷേധിക്കുക മാത്രമല്ല ഉൾക്കൊള്ളുക കൂടി ചെയ്യുന്നുണ്ട്. ഉദാഹരണത്തിന് ബാർലിവിത്ത് സ്വയം നശിച്ച് ബാർലിചെടിയാകുന്നതല്ല. ബാർലിവിത്തിനകത്തെ മുകുളത്തിൽ ബാർലിചെടിയുടെ മുഴുവൻ വളർച്ചയും രേഖപ്പെടുത്തിയ ഒരു ഘടന നിലനിൽക്കുന്നുണ്ട്. മാത്രമല്ല ബാർലിചെടിയുടെ ലക്ഷ്യം (അനേകം ബാർലി വിത്തുകൾ ഉണ്ടാകുക) ഈ വിത്തുമുതൽ മുകുളത്തിൽ ലയിച്ചുചേർന്നിട്ടുണ്ട്(embedded).

ചെടിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള ഘട്ടങ്ങൾ ഇല്ലാതാകുന്നതിനോടൊപ്പം മുകുളം (germ) വികസിക്കുകയും പുതിയ ഘട്ടത്തിലേക്ക്

www.malankaralibrary.com


കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു. മാർക്സും എംഗൽസും നിഷേധത്തെ സ്വീകരിക്കുകയും ഉൾകൊള്ളലിനെ (sublation) ഹെഗേലിയൻ വാചകമടി(Hegelian Jugglery) എന്ന് വർഗ്ഗീകരിച്ച് പുച്ഛിക്കുന്നു.

ആശയത്തിന്റെ വളർച്ചയിൽ മാത്രമല്ല പ്രകൃതിയുടേയും, മനുഷ്യന്റെയും, ചരിത്രത്തിന്റെയും ആന്തരികതയിൽ ഈ പ്രക്രിയ നിലനിൽക്കുന്നുവെന്നും ഹേഗലിന്റെ കൃതികളിലുണ്ട്. എന്നാൽ ലോകമെമ്പാടുമുള്ള കോടിക്കണക്കിന് മാർക്സിസ്റ്റുകൾ ഹേഗലിനെ ആശയവാദി എന്ന് മുദ്രകുത്തി ഇല്ലാതാക്കിയതാണ്.

ഹേഗലിന്റെ ചരിത്രവ്യാഖ്യാനമാണ് ശരിയുടെ തത്വശാസ്ത്രം. പ്രസ്തുത ഗ്രന്ഥത്തിൽ വ്യക്തി, കുടുംബം, പൊതുസമൂഹം, കോർപറേറ്റ്സ്, രാഷ്ട്രം, അന്താരാഷ്ട്ര സമൂഹം എന്നീ ക്രമത്തിൽ മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയെ വിവരിക്കുന്നു. ഈ വിവരണത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യവും സമൂഹത്തിന്റെ ഐക്യവും നിലനിർത്തുന്നതാണ് രാഷ്ട്രത്തിന്റെ ദൗത്യമെന്ന് ഹേഗൽ ഉന്നയിക്കുന്നു. (ഹേഗൽ, ശരിയുടെ തത്വശാസ്ത്രം, 260). ഇതിനായി രണ്ട് തരം സ്വത്ത് നിലനിൽക്കുന്നതായി ഹേഗലിന്റെ ചിന്തയുടെ ഭാഗമാണ്. അതുകൊണ്ട് സ്വകാര്യ സ്വത്തും, സമൂഹസ്വത്തും ഒരുമിച്ച് നിലനിർത്തണമെന്നതാണ് ഹേഗലിന്റെ വാദം. ഈ വാദത്തെയാണ് ഡുറിങ്ങ് തന്റെ കൃതിയിലൂടെ ഉന്നയിക്കുന്നത്. എന്നാൽ മാർക്സും എംഗൽസും സ്വകാര്യ സ്വത്തിന്റെ സമ്പൂർണ്ണ നിഷേധത്തിലാണ് തങ്ങളുടെ വാദം അടിയുറപ്പിച്ചിരിക്കുന്നത്.

ഡുറിങ്ങ് തന്റെ വാദത്തെ ശക്തിപ്പെടുത്താൻ ചരിത്രത്തിൽ സമൂഹസ്വത്താണ് ഉണ്ടായിരുന്നതെന്നും, അതിനെ നിഷേധിച്ച് സ്വകാര്യസ്വത്ത് രൂപം കൊണ്ടുവെന്നും, അടുത്ത ഘട്ടത്തിൽ ആദ്യ ഘട്ടത്തെ ഉൾക്കൊണ്ട് സ്വകാര്യവും, സാമൂഹികവുമായ സ്വത്ത് രൂപം കൊള്ളുമെന്നും വാദിക്കുന്നു. ഡ്യൂറിങ്ങിന്റെ വാദമാണ് സ്വാതന്ത്ര്യാനന്തര ജർമ്മനി പിൻതുടരുന്നത്. ജർമനിയുടെ സാമ്പത്തിക വ്യവസ്ഥയുടെ പേരു തന്നെ 'സമൂഹത്തിലേക്ക് ലക്ഷ്യം വെയ്ക്കുന്ന കമ്പോള വ്യവസ്ഥിതി' (Socially oriented market economy) എന്നാണ്. ഡ്യൂറിങ്ങിന്റെ വാദത്തെ നേരിടാൻ മാർക്സിന് കഴിയാതെ വന്നപ്പോൾ മാർക്സിന്റെ ആവശ്യപ്രകാരം എംഗൽസ് രചിച്ച കൃതിയാണ് ആന്റി ഡ്യൂറിങ്ങ്. ഈ ഗ്രന്ഥത്തിൽ എംഗൽസ് സാമൂഹിക സ്വത്ത് നിഷേധിച്ച് സ്വകാര്യ സ്വത്ത് രൂപം കൊണ്ടതിനെ നിഷേധിച്ച് സമൂഹ സ്വത്ത് രൂപപ്പെടുത്തുന്നതാണ് ശരിയെന്ന് വാദിക്കുന്നു. ഈ വാചകത്തിൽ രണ്ട് നിഷേധമെ ഉള്ളൂ, ഉൾക്കൊള്ളൽ ഇല്ല. ചരിത്രം ഡ്യൂറിങ്ങിനോടൊപ്പമാണ്. ലോകത്തിലെ ചൈനയടക്കമുള്ള രാജ്യങ്ങളിൽ സ്വകാര്യസ്വത്തും സമൂഹസ്വത്തും ഒരുമിച്ച് നിലനിൽക്കുന്നു. അതുകൊണ്ട് ചരിത്രത്തിന്റെ വിശാലമായ ഒഴുക്കിന്റെ പശ്ചാത്തലത്തിൽ മാർക്സിയൻ കൃതികളെ വിശകലനം ചെയ്തുവേണം മാർക്സിസത്തെ മനസ്സിലാക്കാൻ. ഡ്യൂറിങ്ങിന്റെ വാദമാണ് ശരിയെന്ന് ലെനിൻ അനുഭവത്തിലൂടെ മനസ്സിലാക്കികൊണ്ടാണ് യുദ്ധകമ്മ്യൂണിസം

www.malankaralibrary.com


(War communism) ഉപേക്ഷിച്ച് പുതിയ സാമ്പത്തിക നയം (new economic policy) എന്ന പേരിൽ നിയന്ത്രിത മുതലാളിത്വ വ്യവസ്ഥിതി റഷ്യയിൽ നടപ്പിലാക്കാൻ 1924 ൽ തീരുമാനിച്ചത്. സ്വകാര്യസ്വത്തിന്റെ നിർമ്മാർജ്ജനമാണ് കമ്മ്യൂണിസമെന്ന് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ നിർവ്വചിച്ച മാർക്സിനും എംഗൽസിനും, ആ നിർവ്വചനത്തിൽ നിന്ന് പിൻമാറാൻ കഴിയുന്നില്ല. എന്നാൽ ശരി മനസ്സിലായാൽ സ്വന്തം തെറ്റ് അംഗീകരിക്കുന്നതാണ് സത്യത്തിലേക്കുള്ള മാർഗ്ഗം.

രണ്ടാമതായി വിരുദ്ധോക്തി പ്രയോഗങ്ങൾ അനേകം മാർക്സിലുണ്ട്. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നുവെന്ന പ്രസ്താവന മാർക്സ് തള്ളിക്കളയുന്നു. എന്നാൽ അതാണ് കാറൽ മാർക്സിന്റെ അഭിപ്രായമെന്ന രീതിയിൽ ചിലർ ഉപയോഗിക്കുന്നു. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നുവെന്ന വാദത്തെ ജസ്യൂട്ടൈൻ മാക്സിം (Jesuitine Maxim) എന്നാണ് വിളിക്കുക. ഇൻക്വിസിഷൻ കാലഘട്ടത്തിൽ സഭയുടെ ശത്രുക്കളെ തീയിലിട്ടു ചുട്ടുകൊല്ലുമ്പോൾ ജസ്യൂട്ട് വൈദീകരുടെ ന്യായീകരണ സൂത്രവാക്യമാണ് ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമെന്നത്. (Karl Marx Frederick Engels, Collected works volume 1, Page 160-165, Progress publishers, Moscow, 1975)

ഈ മാനദണ്ഡം മാർക്സിസ്റ്റുകൾ അല്ലാത്തവർ ഉപയോഗിച്ചാൽ തെറ്റും മാർക്സിസ്റ്റുകൾ ഉപയോഗിച്ചാൽ ശരിയുമാണോ? ഒരു അമ്പ് ലക്ഷ്യത്തിലേക്ക് കുതിക്കുമ്പോൾ, അമ്പ് ലക്ഷ്യത്തിലെത്തണമെങ്കിൽ, അമ്പിന്റെ ആദ്യചലനം മുതൽ ലക്ഷ്യം മാർഗ്ഗമായ അമ്പിന്റെ അവിഭാജ്യ ഭാഗമാകണം. അമ്പ് അതിനിഷ്ടമുള്ള വഴിയിലൂടെ സഞ്ചരിക്കുകയും അവസാനം ലക്ഷ്യം അന്തരീക്ഷത്തിൽ നിന്ന് അമ്പിൽ എത്തിചേരുമെന്ന് ചിന്തിക്കുന്നത് തെറ്റാണ്.

മൂന്നാമതായി തത്വശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രമീമാംസ, ചരിത്രം, നരവംശശാസ്ത്രം ഇവയെല്ലാം അറിയാവുന്ന ഒരു വ്യക്തിയ്ക്കു മാത്രമെ മാർക്സിനെ മനസ്സിലാക്കാൻ കഴിയുക. മാത്രമല്ല അക്കാലത്ത് യൂറോപ്പിൽ നിലവിലുണ്ടായിരുന്ന ക്രിസ്തുമതത്തെ കുറിച്ചുള്ള വ്യാഖ്യാനങ്ങളും മാർക്സിനെ മനസ്സിലാക്കാൻ അത്യാന്താപേക്ഷിതമാണ്.

ഉദാഹരണമായി വസ്തുവിന്റെ മൂല്യത്തെ കുറിച്ചുള്ള മാർക്സിന്റെ സിദ്ധാന്തം മനസ്സിലാക്കാൻ ആദാംസ്മിത്ത്, ഡേവിഡ് റിക്കാർഡോ മുതലായവരുടെ മൂല്യ സിദ്ധാന്തവും അതിലെ ശരിതെറ്റുകളും വ്യക്തമാകണം. ആപേക്ഷിക വില (relative price) എന്താണെന്ന് കൃത്യമായി നിർവ്വചിക്കാൻ അറിയാത്ത ഒരു വ്യക്തിയ്ക്ക് മൂലധനം എന്ന കൃതി വായിച്ചു മനസ്സിലാക്കുക സാധ്യമല്ല. അത്തരത്തിൽ എല്ലാ വിഷയങ്ങളുടെയും ആഴത്തിലേക്കിറങ്ങി പഠനം നടത്താതെ മാർക്സിസം മനസ്സിലാക്കുക സാധ്യമല്ല. ആധുനിക മാർക്സിസ്റ്റുകാർ അവനവന് ഇഷ്ടമുള്ളതു പോലെ പ്രവർത്തിച്ചതിനുശേഷം അതിനെ ന്യായീകരിക്കാൻ മാർക്സിന്റെയും, എംഗൽസിന്റെയും, ലെനി

www.malankaralibrary.com

ന്റെയും ഉദ്ധരണികൾ ഉപയോഗിക്കുന്നു. അവർക്ക് പ്രയോഗമാണ് ശരി. പ്രസിദ്ധ മാർക്സിസ്റ്റ് ചിന്തകനായ പൗലോഫ്രെയർ സിദ്ധാന്തമില്ലാത്ത പ്രവർത്തിയെ ആക്ടിവിസമെന്നും, പ്രയോഗമില്ലാത്ത ചിന്തയെ വെർബലിസമെന്നും വിളിക്കുന്നു. മാർക്സിന്റെ തന്നെ അഭിപ്രായത്തിൽ "തത്വചിന്ത മാനവ വിമോചനത്തിന്റെ തലയും, തൊഴിലാളി വർഗ്ഗം അതിന്റെ ഹൃദയവുമാണ്." (Karl Marx Frederick Engels Collected works, Page - 187, volume 3, Page 187 Progress publishers, Moscow, 1975) ഇന്ന് മാർക്സിസ്റ്റു പ്രയോഗങ്ങൾ കബന്ധങ്ങളാണ്.